പതിനാലാം കേരളനിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1223 — 06/02/2020 മറുപടിയ്ക്ക്

## സ്കൂൾ വിനോദയാത്രാ സംഘങ്ങൾക്ക് നിയമാവലി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. സണ്ണി ജോസഫ് | പ്രൊഫ. സി. രവീന്ദ്രനാഥ് (പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ നിന്നും സ്കൂൾ കുട്ടികളുമായി വിനോദയാത്രക്ക് പോകുന്ന വാഹനങ്ങൾ നിരവധി നിയമലംഘനങ്ങൾ നടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) സ്കൂളുകളിൽ നിന്നും വിനോദയാത്ര പോകുന്ന വാഹനങ്ങളുടെ നിയമനലംഘനങ്ങൾ സംബന്ധിച്ച് ഒറ്റപ്പെട്ട ചില സംഭവങ്ങൾ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വെണ്ടാർ വിദ്യാധിരാജ ഹയർസെക്കന്ററി സ്കൂളിൽ നിന്നും വിനോദയാത്രക്ക് പോകുവാൻ തയ്യാറായ വാഹനങ്ങൾ അപകടകരമായ രീതിയിൽ സ്കൂൾ വളപ്പിൽ ഓടിക്കുന്നതിന്റെ ദൃശ്യം സമൂഹമാധ്യമങ്ങൾ വഴി പ്രചരിച്ച സാഹചര്യത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ; | (ബി) കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിന്റെ പരിധിയിലുള്ള വെണ്ടാർ വിദ്യാധിരാജ സ്കൂളിലെ വി.എച്ച്.എസ്.ഇ വിഭാഗത്തിന്റെ വിനോദയാത്രയുമായി ബന്ധപ്പെട്ടുണ്ടായ സംഭവമാണിത്. സംഭവം നടന്ന തൊട്ടടുത്ത ദിവസം തന്നെ ജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്കൂൾ സന്ദർശിക്കുകയും പ്രധാന അധ്യാപകനിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെടുകയും ചെയ്തു. അതിൻ പ്രകാരം സ്കൂൾ ഗ്രൗണ്ടിന് പുറത്തുള്ള സ്ഥലത്താണ് ബസ് ഓപ്പറേറ്റേഴ്സ് ബൈക്ക് റാലി നടത്തിയതെന്നും സ്കൂൾ കുട്ടികൾ അതിൽ പങ്കെടുത്തിട്ടില്ല എന്നും അധ്യാപകരും വിദ്യാർത്ഥികളും ഈ പ്രവർത്തി നിർത്താൻ ആവശ്യപ്പെടുക മാത്രമാണ് ചെയ്തതെന്നും അറിയിച്ചിട്ടുണ്ട്. |
| (സി) ഇക്കാര്യത്തിൽ അധികൃതരുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്ന അലംഭാവം അപകടങ്ങൾക്ക് കാരണമാകുമെന്നതിനാൽ അവരെക്കൂടി ഇക്കാര്യത്തിൽ ഉത്തരവാദികളാക്കുന്നതിനായി സ്കൂൾ വിനോദയാത്രാ സംഘങ്ങൾക്ക് നിയമാവലി ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) ഈ വിഷയത്തിൽ GO(MS).51/2007/ പൊ.വി.വ തീയതി 02/03/2007 സർക്കാർ ഉത്തരവും സർക്കുലർ നമ്പർ H1/976/2016/ dpi dt.06/08/2016 പ്രകാരവും പഠന യാത്രയ്ക്ക് വാഹനങ്ങൾ ഉപയോഗിക്കുന്നതിനും വിദ്യാർത്ഥികളുടെ സുരക്ഷ ഉറപ്പു വരുത്തുന്നതിനും മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ